# ധൃതരാഷ്ട്രാലിംഗനം ആരുടെ, ആർക്കെതിരെ?

എ.ആർ

**'വി.എസിന്** ഒപ്പം നിൽക്കുന്നു എന്ന് പറയുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ പത്രം അദ്ദേഹത്തെ ധൃതരാഷ്ട്രാലിംഗനം ചെയ്യുകയാണ്. അത് രക്ഷിക്കാനാല്ല, നശിപ്പിക്കാനാണ്' – വാക്കുകൾ *ദേശാഭിമാനി* കണ്ണൂർ റസിഡന്റ് എഡിറ്റർ പി. രാജീവിന്റേത്. എസ്.എഫ്.ഐ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എ.കെ.ജി ഹാളിൽ നടന്ന പഠന സ്കൂളിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം (*മാധ്യമം*, കോഴിക്കോട് 2007 ആഗസ്റ്റ് 4). സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ മെഗഫോണുകളിൽ ഒരാളാണ് രാജീവ്. പിണറായി അടക്കം ഔദ്യോഗികപക്ഷത്തുള്ളവരുടെ ആരോപണവും പരാതിയുമാണ് രാജീവ് ആവർത്തിച്ചത്. ഇതിനകം അനിഷേധ്യമായി കഴിഞ്ഞ സി.പി.എം സംസ്ഥാന ഘടകത്തിലെ വിഭാഗീയതയിൽ *മാധ്യമം* പത്രം മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന്റെ പക്ഷത്ത് നിൽക്കുന്നു എന്ന തോന്നലാണ് പ്രകോപനത്തിനാധാരം. മാധ്യമ സിൻഡിക്കേറ്റ് എന്ന് പേരിട്ട് ഒരുവിഭാഗം പത്രങ്ങൾക്കെതിരെ പിണറായി ആരംഭിച്ച കുരിശുയുദ്ധത്തിലും *മാധ്യമ*ത്തെ ഇരചേർക്കാൻ വിശാലത കാട്ടിയിരുന്നു. *മാധ്യമ*വുമായി പിണങ്ങുമ്പോഴൊക്കെ അതിനെ ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധിപ്പിച്ച് പ്രതിരോധം തീർക്കുക ഇവരുടെ -പലരുടെയും- പതിവു ശൈലിയാണ്. *മാധ്യമ*ത്തിന് ജമാഅത്തുമായോ ജമാഅത്തിന് *മാധ്യമ*വുമായോ ഉള്ള ബന്ധം നിഷേധിക്കേണ്ടതല്ല. ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ചെയർമാനായുള്ള ഐഡിയൽ പബ്ലിക്കേഷൻ ട്രസ്റ്റാണല്ലോ *മാധ്യമ*ത്തിന്റെ ഉടമകൾ. എന്നാൽ രണ്ടു പതിറ്റാണ്ടുകളായി മലയാള മാധ്യമലോകത്ത് ശ്രദ്ധേയമായ ഇടം നേടിക്കഴിഞ്ഞ *മാധ്യമം* ഒരു പാർട്ടി പത്രമല്ലെന്നും സ്വാതന്ത്ര്യവും നിഷ്പക്ഷതയും അത് നിലനിർത്തുന്നുവെന്നതും ആവശ്യം വരുമ്പോഴൊക്കെ സി.പി.എമ്മുകാരും അംഗീകരിച്ച കാര്യമാണ്. ജമാഅത്താകട്ടെ അതിന്റെ നയനിലപാടുകളും വീക്ഷണങ്ങളും അവതരിപ്പിക്കാൻ *മാധ്യമ*ത്തെ ഉപയോഗിക്കാറുമില്ല. സാമ്രാജ്യത്വം, ഫാഷിസം, കുത്തകകളുടെ അധിനിവേശം, പ്രാന്തവത്കൃത സമൂഹങ്ങളുടെ അവകാശ ധ്വംസനം, അഴിമതിയുടെയും അധാർമികതയുടെയും നീരാളിപ്പിടിത്തം പോലുള്ള മാനവിക പ്രശ്നങ്ങളിൽ *മാധ്യമം* നടത്തുന്ന പോരാട്ടം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പൂർണ അറിവോടും പിന്തുണയോടുംകൂടിയാണെന്നതും തള്ളിപ്പറയേണ്ട വസ്തുതയല്ല. മതേതര മൗലികവാദികൾ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നപോലെ പാകിസ്താനിലും ബംഗ്ലാദേശിലും ഉത്തരേന്ത്യയിലുമൊക്കെ തീവ്രവാദ വർഗീയ മതമൗലിക മുഖമുള്ള ഒരു പ്രസ്ഥാനം കേരളത്തിൽ മാത്രമായി പ്രദർശിപ്പിക്കുന്ന കപടമുഖത്തിന്റെ സാക്ഷ്യപത്രമല്ല *മാധ്യമം*. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ ദൈവവിരുദ്ധവും മനുഷ്യവിരുദ്ധവുമായ ആദർശങ്ങൾക്കെതിരെ വിശ്വമാനവികതയിലും സാമൂഹിക നീതിയിലും ഊന്നിക്കൊണ്ട് രംഗത്തിറങ്ങിയ ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഒരിടത്തും പൊയ്മുഖത്തിന്റെ ആവശ്യം ഇന്നേവരെ നേരിട്ടിട്ടില്ല. ദൈവത്തിന്റെ ഭൂമിയിൽ ദൈവത്തിന്റെ വ്യവസ്ഥ എന്ന് തുറന്നുപറയാനുള്ള ആർജവം എവിടെയായാലും അതിനുണ്ട്. തീർത്തും സമാധാനപരമായ പാതയിൽ ചലിച്ച് മനുഷ്യമനസ്സുകളുമായി സംവദിച്ചുകൊണ്ട് മാത്രം വിജയിപ്പിക്കേണ്ട ഒരു ധാർമിക വിപ്ലവത്തിന് ചേരുന്നതല്ല തീവ്രവാദവും ബലപ്രയോഗവും വർഗീയധ്രുവീകരണവുമെന്നും പ്രസ്ഥാനം തുടക്കം തൊട്ടേ അംഗീകരിച്ചിട്ടുള്ളതാണ്.

ഇന്ത്യാമഹാരാജ്യത്തെ 100–ൽപരം കോടി ജനങ്ങൾക്ക് ശാന്തിയും സമൃദ്ധിയും സുസ്ഥിതിയും ഉറപ്പുവരുത്തുന്നതിൽ ബൂർഷ്വാ ജനാധിപത്യവും മതനിരാസപരമായ സെക്യുലരിസവും മാർക്സിസവും പരാജയപ്പെട്ടിരിക്കുന്നു. ഭൗതിക സുഖലോലുപതയിലും ജഡികവികാരങ്ങളിലും അഭിരമിക്കുന്ന ഒരു ന്യൂനപക്ഷം പട്ടിണിക്കാരും രോഗികളും നിരക്ഷരരും പീഡിതരുമായ ജനമഹാസമൂഹത്തെ ചവിട്ടിമെതിക്കുന്ന അശ്ലീലദൃശ്യത്തിന്റെ രംഗവേദിയാണ് വർത്തമാനകാല ഇന്ത്യ. ബി.ജെ.പിക്കാരും കോൺഗ്രസ്സുകാരും ശരത്പവാർ, ബാൽതാക്കറെ, ലാലു, മുലായം, ജയലളിത, കരുണാനിധി, മമത, നായിഡു, ദേവഗൗഡ പ്രഭൃതികളുമെല്ലാം ഈ കുളിമുറിയിൽ നഗ്നരാണെങ്കിൽ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പേരിൽ ആണയിടുന്ന വിപ്ലവകാരികളും ഒടുവിൽ പതിച്ചിരിക്കുന്നത് മലിനജലത്തിൽതന്നെ. ടാറ്റക്ക് നരേന്ദ്രമോഡി പരവതാനി വിരിച്ചാൽ അത് കുത്തകദാസ്യവും ബുദ്ധദേവ് ഭട്ടാചാര്യ ചുകപ്പ് പരവതാനി വിരിച്ചാൽ ജനകീയ വിപ്ലവവും ആവുന്നില്ല. അബ്കാരി, ഹവാല, ലോട്ടറി, റിയൽ എസ്റ്റേറ്റ് മാഫിയത്തലവന്മാരിൽനിന്ന് കോൺഗ്രസ്സുകാർ സഹായം സ്വീകരിച്ചാൽ അധർമവും കമ്യൂണിസ്റ്റുകാർ കൈപറ്റിയാൽ ധർമവുമാണെന്ന് സമ്മതിക്കാൻ ബുദ്ധിമുട്ടുണ്ട്. തന്നെയല്ല, അധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും വേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നവർ കള്ളപ്പണക്കാരുടെ മാസപ്പടിയും 'സകാത്തും' സ്വീകരിക്കുമ്പോൾ അത് ബൂർഷ്വാ പാർട്ടികളുടേതിനേക്കാൾ ലജ്ജാകരമായിത്തീരുന്നു. ഈ വൈരുധ്യങ്ങളെയാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിനും *മാധ്യമ*ത്തിനും തുറന്നുകാട്ടേണ്ടിവരുന്നത്. അപ്പോഴും നന്മയുടെ അംശമെങ്കിലും എവിടെയെങ്കിലും ദൃശ്യമായാൽ അതിനെ കലവറയില്ലാതെ പിന്തുണക്കണമെന്നതും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത നയമാണ്. ആ നിലപാടിൽനിന്നുകൊണ്ടാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെ കടുത്ത ആഗോളീകരണ–കുത്തക പ്രീണന നിലപാടുകൾക്കെതിരെ എൽ.ഡി.എഫിനെ പിന്തുണച്ചത്. പക്ഷേ, സി.പി.എമ്മിന്റെ സംസ്ഥാന നേതൃത്വം ആഗ്രഹിച്ചത് ജനപക്ഷ, കുത്തകവിരുദ്ധ കൂട്ടായ്മകൾക്ക് പകരം ജനവിരുദ്ധ മൂലധന കൂട്ടായ്മകളുമായുള്ള ബാന്ധവത്തിലൂടെ അധികാരമുറപ്പിക്കുകയായിരുന്നു എന്ന് വിശ്വസിക്കാനാണ് അനന്തര നീക്കങ്ങളും സംഭവങ്ങളും പ്രേരിപ്പിക്കുന്നത്.

വി.എസ് അച്യുതാനന്ദൻ ആൾദൈവമോ അപ്രമാദിയോ അല്ല, വീഴ്ചകളും പാളിച്ചകളും സംഭവിക്കാത്ത മഹാപക്വമതിയും അല്ല. എന്നാൽ പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ അദ്ദേഹം കുത്തകകൾക്കും അധിനിവേശശക്തികൾക്കുമെതിരെ ജനപക്ഷത്തുനിന്ന് ചില പോരാട്ടങ്ങൾ നടത്തി. ആ പോരാട്ടങ്ങളെ നല്ല കണ്ണോടെ കണ്ട് പൂർണമനസ്സോടെ പിന്തുണക്കുമെന്നായിരുന്നു പാർട്ടിയെ കുറിച്ച ജനങ്ങളുടെ പ്രതീക്ഷ. സംഭവിച്ചത് പക്ഷേ മറിച്ചാണ്. അച്യുതാനന്ദനെ രംഗ

ത്തുനിന്ന് തന്നെ നിഷ്കാസനം ചെയ്യാൻ ആഗ്രഹിച്ചവരുടെ കരുനീക്കങ്ങൾ ദേശീയ നേതൃത്വത്തിന്റെ ഇടപെടലും ജനങ്ങളുടെ ഉറച്ച പിന്തുണയും മൂലം തൽക്കാലം പരാജയപ്പെട്ടുവെങ്കിലും അദ്ദേഹത്തിന് മുഖ്യമന്ത്രിപദം നിഷേധിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങളുണ്ടായി. അതും വിഫലമായതിൽ പിന്നെയാണ് പാർട്ടിയിൽ അദ്ദേഹത്തിന്റെ വിശ്വസ്തരെ വെട്ടിനിരത്താൻ തീവ്രയത്നം ആരംഭിച്ചത്. ചിറകറ്റ അച്യുതാനന്ദൻ പക്ഷേ, കീഴടങ്ങാനല്ല പൊരുതാൻ തന്നെയാണ് തീരുമാനിച്ചതെന്ന് തുടർനടപടികൾ തെളിയിക്കുന്നു. എസ്.എൻ.സി ലാവ്‌ലിൻ പ്രശ്നത്തിലും *ദേശാഭിമാനി* കോഴ വിവാദത്തിലും മൂന്നാറിലെ കൈയേറ്റ ഭൂമി കുടിയൊഴിപ്പിക്കലിലുമൊക്കെ വി.എസ് ഒരു പക്ഷത്തും പിണറായി വിഭാഗം മറുപക്ഷത്തും തന്നെയാണെന്ന് ഇപ്പോഴാർക്കും സംശയമുണ്ടാവില്ല. ചേരിപ്പോരിൽ സി.പി.ഐകൂടി പിണറായി പക്ഷം ചേർന്നതോടെ ആ പാർട്ടിയുടെ 'സംശുദ്ധ പ്രതിഛായ'യും വെറും നാട്യമാണെന്ന് തെളിഞ്ഞു. മൂന്നാറിലെ കുടിയൊഴിപ്പിക്കലിനെ സി.പി.എം, സി.പി.ഐ ഘടകങ്ങൾ ഒറ്റക്കെട്ടായാണ് ചെറുത്തത്. വ്യാജ രവീന്ദ്രൻ പട്ടയങ്ങൾക്ക് നിയമസാധുത നൽകാൻ ഇടതുമുന്നണിയിൽ സമ്മർദം ചെലുത്തിയതും ഇവർ ഒരുമിച്ചുതന്നെ. മൂന്നാർ ദൗത്യസംഘത്തെ വിരട്ടിയോടിക്കുന്നതിലും വി.എസ് വിരുദ്ധർ വിജയം കണ്ടു. ഇതൊക്കെ നടക്കുമ്പോൾ, *മാധ്യമം* വി.എസ് അച്യുതാനന്ദനുമായി ധൃതരാഷ്ട്രാലിംഗനത്തിലേർപ്പെട്ടിരിക്കുകയാണെന്ന് ആരോപിക്കുന്നവർ മറുപടിപറയാൻ ബാധ്യസ്ഥരായ ചില ചോദ്യങ്ങളുണ്ട്: യു.ഡി.എഫ് ഭരണകാലത്ത് *മാധ്യമം* പുറത്തുകൊണ്ടുവന്ന മൂന്നാറിലെ ഭൂമികൈയേറ്റങ്ങൾ അടിസ്ഥാനരഹിതമാണെന്ന അഭിപ്രായം സി.പി.എം നേതൃത്വത്തിനുണ്ടോ? ടാറ്റ സർക്കാർ ഭൂമി കൈയേറിയെന്ന നിയമസഭാ സമിതികളുടെ കണ്ടെത്തൽ തെറ്റായിരുന്നുവോ? ആയിരുന്നെങ്കിൽ എന്തുകൊണ്ട് അന്നേരം തുറന്നു പറഞ്ഞില്ല? കൈയേറ്റം വാസ്തവം തന്നെയെങ്കിൽ കമ്യൂണിസ്റ്റ് പാർട്ടികൾക്ക് അനിഷേധ്യ നിയന്ത്രണമുള്ള നിലവിലെ സർക്കാർ കൈയേറ്റങ്ങൾ അവസാനിപ്പിക്കാൻ നടപടി എടുക്കേണ്ടതില്ല എന്നാണോ അഭിപ്രായം? നടപടി എടുക്കണം എന്നു തന്നെയാണ് തീരുമാനമെങ്കിൽ എന്തുകൊണ്ട് ഇക്കാര്യത്തിൽ മുഖ്യമന്ത്രിയെ പിന്തുണക്കുന്നില്ല? അദ്ദേഹത്തെ പിന്തുണക്കുന്നവരെ എന്തിന് വേട്ടയാടണം?

*മാതൃഭൂമി*യോ *മാധ്യമ*മോ മറ്റേതെങ്കിലും പത്രമോ ന്യായമായ നടപടികളിൽപോലും മുഖ്യമന്ത്രിയെ പിന്താങ്ങിയാൽ മഞ്ഞപത്രപ്രവർത്തനം, എംബഡഡ് ജേർണലിസം, സിൻഡിക്കേറ്റ് പണി. സിംഗപ്പൂർ കിഡ്നി തട്ടിപ്പ് കേസിലൂടെ കുപ്രസിദ്ധിനേടിയയാൾ സമർഥമായ കരുനീക്കങ്ങളിലൂടെ മലയാളത്തിലെ ഏറ്റവും പഴക്കമുള്ള കത്തോലിക്കാ പത്രമായ *ദീപിക* വിലക്കെടുത്ത് അതിനെ മുഖ്യമന്ത്രിയെയും കുടുംബത്തെയും സ്വഭാവഹത്യനടത്താൻ ആയുധമാക്കിയാൽ അത് അനുകരണീയമായ പത്രപ്രവർത്തനവും! ജനങ്ങൾ തെരഞ്ഞെടുത്ത, പാർട്ടിയുടെ സ്വന്തം മുഖ്യമന്ത്രിക്കെതിരെ നിരന്തരം കടന്നാക്രമണം *ദീപിക* നടത്തിയിട്ടും ഒരക്ഷരം എതിർത്തെഴുതാൻ *ദേശാഭിമാനി*യിൽ ആളില്ലാതെ പോയതെന്തുകൊണ്ട്? അപ്പുക്കുട്ടൻ വള്ളിക്കുന്നിന്റെയും ശക്തിധരന്റെയും ഹരിഹരന്റെയും ഗതിയാണ് കാത്തിരിക്കുന്നത് എന്ന് ബോധ്യമുള്ളതുകൊണ്ട് തന്നെയല്ലേ? മാത്രമോ, താൻ വിലകൊടുത്ത് വാങ്ങിയ പത്രത്തിൽ ഫാരിസ് അബൂബക്കർ തന്റെ നിലപാടിനെ ന്യായീകരിച്ചുകൊണ്ടെഴുതിയ ലേഖനം അതേപടി സി.പി.എം ജിഹ്വ പുനഃപ്രസിദ്ധീകരിക്കുക കൂടി ചെയ്യുന്നു. പറയൂ സാർ, ആരുടേതാണ് ധൃതരാഷ്ട്രാലിംഗനം?

മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും പിടികൊടുക്കാതെ തന്റേതായ ലോകത്ത് കഴിയുന്ന ഫാരിസിനെ പൊടുന്നനെ മിനിസ്ക്രീനിൽ അവതരിപ്പിച്ച് മുഖ്യമന്ത്രിക്കെതിരായ പരാമർശങ്ങളടക്കം അയാളുടെ ജൽപനങ്ങൾക്ക് തുറന്ന അവസരമൊരുക്കിയ കൈരളി ടി.വി ചെയ്തത് അന്വേഷണാത്മക പത്രപ്രവർത്തനത്തിലെ ക്യൂരിയോസിറ്റിയുടെ ഭാഗം മാത്രമാണെന്ന് അപ്പണി ചെയ്ത ജോൺ ബ്രിട്ടാസ് ന്യായീകരിക്കുന്നു; ഇത് തനി ഗൂഢാലോചനയാണെന്ന മുഖ്യമന്ത്രിയുടെ ആരോപണത്തെ സർവശക്തിയും ഉപയോഗിച്ച് നിഷേധിക്കുകയും ചെയ്യുന്നു. പിന്നീട് പിണറായിക്ക് മൃഗീയ ഭൂരിപക്ഷമുള്ള സംസ്ഥാന സെക്രട്ടേറിയറ്റ് കൈരളിക്ക് ക്ലീൻ സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. സംഭവമാകെ വി.എസിനെതിരായ ഗൂഢാലോചനയും കാലേക്കൂട്ടി ചിട്ടപ്പെടുത്തിയ തിരക്കഥയുമാണെന്ന് ബോധ്യമാവാൻ വേറെ തെളിവുകൾ വേണോ? ആരാണീ ഫാരിസ് അബൂബക്കർ? ആ ചെറുപ്പക്കാരൻ കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയത്തിൽ ഏതെങ്കിലും കാലത്ത് എന്തെങ്കിലും ഇടപെടൽ നടത്തിയ ആളാണോ? തെരഞ്ഞു പിടിച്ചുകൊണ്ടുവന്ന് അയാളെക്കൊണ്ട് മുഖ്യമന്ത്രിയും തലമുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ മാന്യ ദേഹത്തെ തൊഴിപ്പിക്കുമ്പോൾ പിന്നിൽ പത്രപ്രവർത്തക സഹജമായ സാഹസികാന്വേഷണം മാത്രമാണെന്ന അവകാശവാദം നമ്മൾ മുഖവിലക്കെടുക്കണമെങ്കിൽ നായനാർ ഫുട്ബോളിന് 'സകാത്താ'യി കിട്ടിയ തുകയുടെ അത്ര പോലും പോരാ. ഫാരിസിനെ വി.എസ് അച്യുതാനന്ദൻ വെറുക്കപ്പെട്ടവൻ എന്ന് വിശേഷിപ്പിച്ചതാണ് പ്രകോപനമെങ്കിൽ, നൂറ്റാണ്ടിലധികമായി അച്ചന്മാർ നടത്തിവന്ന കാലത്തൊന്നും ഒരാളെയും വേട്ടയാടിയ ചരിത്രമില്ലാത്ത *ദീപിക* 20 കോടി മുടക്കി ഫാരിസ് അബൂബക്കർ അത് കൈയടക്കിയ നാൾതൊട്ട് വി.എസ് അച്യുതാനന്ദനെമാത്രം കടന്നാക്രമിക്കാൻ തുടങ്ങിയാൽ അതിന് ഉത്തരവാദിയായവൻ വി.എസിന്റെ കണ്ണിൽ വെറുക്കപ്പെട്ടവനല്ലെങ്കിൽ പിന്നെ ഇഷ്ടപ്പെട്ടവൻ ആവില്ലല്ലോ. അരാഷ്ട്രീയക്കാരനും വെറും ബിസിനസ്സുകാരനുമായ ഫാരിസിന് കേരളത്തിന്റെ മുഖ്യമന്ത്രിയെ സ്വഭാവഹത്യ നടത്താൻ പ്രത്യേക സാഹചര്യമെന്തെന്ന് സാമാന്യബുദ്ധിക്ക് പിടികിട്ടുന്നതല്ല. സ്വാഭാവികമായും സംശയത്തിന്റെ നിഴൽ നീളുന്നത് ഫാരിസുമായി നിഗൂഢ ബന്ധങ്ങളുള്ള സി.പി.എം നേതൃത്വത്തിലേക്കു തന്നെ. സി.പി.എം ചെന്നൈയിൽ സംഘടിപ്പിച്ച ക്യൂബൻ ഐക്യദാർഢ്യത്തിന് ധനസഹായം ചെയ്തതും താനാണെന്ന് ഫാരിസ് വെളിപ്പെടുത്തിയപ്പോൾ ബാന്ധവം നേരത്തേ തുടങ്ങി എന്നും വ്യക്തമാവുന്നു. ചുരുക്കത്തിൽ ദുരൂഹത മുറ്റിനിൽക്കുന്ന ബിസിനസ് ലോബികളുമായി അടുത്ത ബന്ധം പുലർത്തുന്നവർ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന പാർട്ടിയായി സി.പി.എം വളരുകയോ തളരുകയോ ചെയ്തിട്ടുണ്ട്. പച്ചയായ ഈ യാഥാർഥ്യങ്ങൾ തുറന്നുകാട്ടാൻ നിർബന്ധിതമായ മാധ്യമങ്ങൾക്കും പത്രപ്രവർത്തകർക്കും നേരെ സി.ഐ.എ ബന്ധം ആരോപിച്ചുകൊണ്ട് സ്വന്തം അണികളെപോലും പിടിച്ചുനിർത്താനാവുമെന്ന് തോന്നുന്നില്ല. തങ്ങളുടെ താൽപര്യങ്ങൾ രക്ഷിക്കുന്നവരെ കുത്തകകളോ സി.ഐ.എയോ തകർക്കാൻ നോക്കേണ്ട കാര്യമെന്തിരിക്കുന്നു? അതിനാൽ ധൃതരാഷ്ട്രാലിംഗനം നിശ്ചയമായും ഉണ്ട്. അതു പക്ഷേ, ആദർശ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയോ നേരിന് വേണ്ടി നിലകൊള്ളുന്ന *മാധ്യമ*മോ സംസ്ഥാന മുഖ്യമന്ത്രിയുമായി നടത്തുന്നതല്ല. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ജനപക്ഷ അജണ്ടകളെയും ആ അജണ്ടകൾക്കൊപ്പം നിൽക്കുന്നവരെയും അട്ടിമറിക്കാൻ ഇരുട്ടിന്റെ ശക്തികളുമായി എ.കെ.ജിയുടെയും ഇ.എം.എസിന്റെയും കസേരയിലിരിക്കുന്നവർ ഏർപ്പെട്ടതാണ് ധൃതരാഷ്ട്രാലിംഗനം. ഈ അവിശുദ്ധ കൂട്ടുകെട്ട് കള്ളപ്പണ ലോബിയെ നശിപ്പിക്കില്ല. എന്നാൽ, സാമ്രാജ്യത്വവിരുദ്ധ കുത്തകവിരുദ്ധ തൊഴിലാളി വർഗ പ്രസ്ഥാനത്തെ തളർത്തും, തകർക്കും. സമയം തീർത്തും തീരുന്നതിനു മുമ്പ് സി.പി.എമ്മിന്റെ ദേശീയ നേതൃത്വത്തിന് കർശനമായി ഇടപെടാനുള്ള ആർജവമുണ്ടെങ്കിൽ മാത്രം ഒരു പരിധിവരെ വീണ്ടെടുപ്പ് സാധ്യമായെന്നു വരാം. ■